Join Telegram Channel: https://t.me/hsslive Downloaded from www.Hsslive.in ®

## Chapter 6

## നവമാധ്യമങ്ങൾ ആശയവും പ്രയോഗങ്ങളും

**New Media concepts and Applications**

### 1. എന്താണ് ഓൺലൈൻ ജേർണലിസം

- വാർത്തകൾ കാഴ്ചപ്പാടുകൾ എന്നിവ വേൾഡ് വൈഡ് വെബ്ബിൽ എഴുതി അവതരിപ്പിക്കുന്നതിനാണ് ഓൺലൈൻ ജേർണലിസം എന്നു പറയുന്നത്
- ന്യൂസ് പോർട്ടലുകൾ, പത്രങ്ങളുടെ ഓൺലൈൻ എഡിഷനുകൾ, ഡിജിറ്റൽ ന്യൂസ്പേപ്പർ, ഇ- മാഗസിനുകൾ, ഇൻറർനെറ്റ് റേഡിയോ, വെബ് ടെലിവിഷൻ, ബ്ലോഗ്, സോഷ്യൽ മീഡിയ എന്നിവയിലെ യൂസർ ജനറേറ്റഡ് കണ്ടൻറ് എന്നിവയെല്ലാം കൂടിച്ചേർന്നതാണ് ഇത്
- ഇൻറർനെറ്റ് വഴി വാർത്തകളും കാഴ്ചപ്പാടുകളും വിതരണം ചെയ്യുന്ന ശൈലിയാണിത്
- ഓൺലൈൻ ജേണലിസ്റ്റ് (കണ്ടൻറ് റൈറ്റർ)-ഓൺലൈൻ പത്രങ്ങൾ, ഇൻറർനെറ്റ് റേഡിയോ, ടെലിവിഷൻ, ഇ- മാഗസീനുകൾ, വെബ് ടെലിവിഷൻ എന്നിവയ്ക്കുവേണ്ടി വാർത്തകളും ഉള്ളടക്കവും എഴുതി തയ്യാറാക്കുന്നവരാണ്

### 2. ഓൺലൈൻ ജേർണലിസത്തിൻറെ സവിശേഷതകൾ

1. വേഗത

2. ഹൈപ്പർ ടെക്സ്റ്റ്വാലിറ്റി

3. സമ്പർക്കം (ഇൻറർ ആക്ടിവിറ്റി)

4. മൾട്ടിമീഡിയാലിറ്റി

5. ആർക്കൈവിങ്

### 1. ഇമീഡിയസി (വേഗത)

- ഓൺലൈൻ ജേർണലിസം തൽസമയ റിപ്പോർട്ടിങ് ആണ്.
- മിനിട്ടുകൾക്കുള്ളിൽ ന്യൂസ് വെബ്സൈറ്റിലെ ഉള്ളടക്കം അപ്ഡേറ്റ് ചെയ്യുന്നു
- ബ്രേക്കിംഗ് ന്യൂസ് സംഭവിക്കുമ്പോൾ തന്നെ ജനങ്ങളിൽ എത്തിക്കുന്നു

### 2. ഹൈപ്പർ ടെക്സ്റ്റ്ചാലിറ്റി

MEERA BHASKAR SMHSS KALIYAR

Join Telegram Channel: https://t.me/hsslive Downloaded from www.Hsslive.in ®

- ഒരു വെബ്സൈറ്റിലേക്കുള്ള ലിങ്ക് അടങ്ങിയിരിക്കുന്ന ഒരു വാക്ക് അല്ലെങ്കിൽ പദമാണ് ഹൈപ്പർടെക്സ്റ്റ്
- വേൾഡ് വൈഡ് വെബിന്റെ അടിത്തറയാണ് ഹൈപ്പർടെക്സ്റ്റ്,
- ഒരേ വെബ് പേജിന്റെ മറ്റൊരു ഭാഗത്തേക്കോ അതേ സൈറ്റിലെ മറ്റൊരു പേജിലേക്കോ ലോകത്തെവിടെയുമുള്ള ഒരു വെബ്സൈറ്റിലേക്കോ മാറുന്നതിന് ഉപയോക്താക്കളെ ഒരു ലിങ്കിൽ ക്ലിക്കുചെയ്യാനോ ടാപ്പുചെയ്യാനോ പ്രാപ്തമാക്കുന്നു .

3. **ഇൻറർ ആക്ടിവിറ്റി/പാരസ്പര്യം**

- ന്യൂസ് പേപ്പറിലും മറ്റും പത്രാധിപർക്കുള്ള കത്തുകളിലൂടെ മാത്രമേ വായനക്കാർക്ക് പ്രതികരിക്കാൻ കഴിയു
- എന്നാൽ ഓൺലൈൻ മാധ്യമങ്ങളിൽ നേരിട്ട് ആശയവിനിമയം നടത്താൻ വായനക്കാർക്ക് അവസരം ലഭിക്കുന്നു
- ഓരോ ലേഖനത്തിനും വാർത്തയുടെയും താഴെ കമൻറ് ചെയ്യുക യോ ഇമെയിലയയ്ക്കുകയോവഴി വായനക്കാർക്ക് ഉടൻ പ്രതികരിക്കാൻ അവസരം ലഭിക്കുന്നു
- കമൻറ് ടൈപ്പ് ചെയ്തതിനുശേഷം പേരെഴുതി എഴുതി പോസ്റ്റ് ചെയ്യുക ഇ-മെയിൽ അയക്കുകയോ മാത്രം ചെയ്താൽ മതി

4. **മൾട്ടിമീഡിയാലിറ്റി/ ബഹു മാധ്യമത**

- ഒരേസമയം മനുഷ്യൻറെ പഞ്ചേന്ദ്രിയങ്ങൾ എല്ലാം ഉപയോഗപ്പെടുത്തുന്നു
- പല മാധ്യമങ്ങൾ ഒരു മാധ്യമത്തിലൂടെ ലഭ്യമാക്കുക എന്നതാണ് മൾട്ടിമീഡിയലിറ്റി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്
- ഉദാഹരണം:ബി സി സി ഓൺലൈൻ ന്യൂസ് വെബ്സൈറ്റ്

Join Telegram Channel: https://t.me/hsslive Downloaded from www.Hsslive.in ®

- ഉദാഹരണം:മൊബൈൽ ഫോൺ: വാർത്തകൾ കേൾക്കാം, വായിക്കാം, പാട്ട് കേൾക്കാം, സന്ദേശങ്ങൾ അയക്കാം.

5. **ആർകീവിംങ്/ സംഭരണം**

- കൂടുതൽ വിവരങ്ങൾ ഭാവി പഠനത്തിനായി ശേഖരിക്കുന്നതിനുള്ള കഴിവ് ആണിത്
- ഇതിന് ആർക്കൈവിങ് എന്നു പറയുന്നു
- ഉദാഹരണം: പല പത്രങ്ങളുടെയും  പഴയ വാർത്തകൾ ഇത്തരത്തിൽ ലഭ്യമാണ്

3. **യുജിസി എന്നാൽ എന്ത്**

യൂസർ ജനറേറ്റഡ് കണ്ടൻറ് അഥവാ യുജിസി

ഉപയോക്താക്കൾ സൃഷ്ടിക്കുന്ന ഏതുതരത്തിലുള്ള ഡിജിറ്റൽ ഉള്ളടക്കവും യുജിസി എന്നറിയപ്പെടുന്നു

യുജിസിയിൽ ചിലത്. ബ്ലോഗുകൾ, ഡിജിറ്റൽ ഇമേജുകൾ, വീഡിയോ, ഓഡിയോ ഫയലുകൾ, മറ്റ് തരത്തിലുള്ള മീഡിയകൾ

യുജിസിയിൽ ചിലത്;

1. ബ്ലോഗുകൾ
2. സാമൂഹിക മാധ്യമം
3. ഫേസ്ബുക്ക്
4. ട്വിറ്റർ
5. യൂ ട്യൂബ്
6. വിക്കിപീഡിയ
7. അപ്പ്.

Join Telegram Channel: https://t.me/hsslive Downloaded from www.Hsslive.in ®

1. **ബ്ലോഗുകൾ**

- ഒരു വ്യക്തിയുടെ ആത്മാവിഷ്കാരണ ഉപകരണവും ഓൺലൈൻ ജേണലിസത്തിന്റെ ശക്തമായ മാധ്യമവുമാണ് ബ്ലോഗ്.
- പങ്കാളിത്ത പത്രപ്രവർത്തനത്തിന് ഇത് ഒരു വേദിയൊരുക്കുന്നു.
- ഒരു സാധാരണ ബ്ലോഗിൽ വാചക സന്ദേശങ്ങളും ചിത്രങ്ങളും മറ്റ് ബ്ലോഗുകളിലേക്കുള്ള ലിങ്കുകളും അടങ്ങിയിരിക്കുന്നു.
- പതിവായി അപ്ഡേറ്റ് ചെയ്യുന്ന ഓൺലൈൻ ജേണലാണ് ബ്ലോഗ്
- ഇതിന് ഒരു "അഭിപ്രായങ്ങൾ" ലിങ്ക് ഉണ്ട്, അതിൽ സ്വന്തം ചിന്തകൾ പോസ്റ്റുചെയ്യാൻ വായനക്കാരെ അനുവദിക്കുന്നു.

1. **പേഴ്സണൽ ബ്ലോഗ്**

വ്യക്തിപരമായ വിവരണങ്ങളും ഡയറിക്കുറിപ്പുകളുമാണ്

പുതിയൊരു പ്രവണതയാണിത്

ഒരു വ്യക്തിയുടെ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുന്നു

സിനിമ താരങ്ങൾ കായികതാരങ്ങൾ ആത്മീയാചാര്യൻ തുടങ്ങിയ പ്രശസ്തരുടെ ബ്ലോഗുകൾ ജനങ്ങൾ കൂടുതൽ ശ്രദ്ധിക്കാറുണ്ട്

2. **മൈക്രോബ്ലോഗിംഗ്**

നിലവിലെ പ്രവണത

മൈക്രോബ്ലോഗിംഗ് എന്നത് ബ്ലോഗിംഗിന്റെ ഒരു പ്രത്യേക രൂപമാണ്.

ഇതിന്റെ ഉള്ളടക്കം സാധാരണ ചെറുതാണ്

മൈക്രോ ബ്ലോഗുകൾ "ഹ്രസ്വ വാചകങ്ങൾ, വ്യക്തിഗത ചിത്രങ്ങൾ അല്ലെങ്കിൽ വീഡിയോ ലിങ്കുകൾ പോലുള്ള ചെറിയ ഘടകങ്ങൾ കൈമാറാൻ ഉപയോക്താക്കളെ അനുവദിക്കുന്നു"

ഈ ചെറിയ സന്ദേശങ്ങളെ ചിലപ്പോൾ മൈക്രോപോസ്റ്റുകൾ എന്ന് വിളിക്കുന്നു.

Join Telegram Channel: https://t.me/hsslive Downloaded from www.Hsslive.in ®

വെബ്സൈറ്റുകൾ, സേവനങ്ങൾ, ഉൽപ്പന്നങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന്

വാണിജ്യ മൈക്രോ ബ്ലോഗുകളും നിലവിലുണ്ട്,

ട്വിറ്റർ - ഏറ്റവും പ്രചാരമുള്ള മൈക്രോ ബ്ലോഗിംഗ് സൈറ്റ്

2. **കോർപ്പറേറ്റ് ബ്ലോഗ് (വാണിജ്യ ബ്ലോഗ് )**

- സ്ഥാപനങ്ങൾ പൊതുജനങ്ങളിൽ ഇടപെടാനുള്ള ഉപാധിയായി ഉപയോഗിക്കുന്നു
- അടിസ്ഥാനപരമായി വാണിജ്യാവശ്യങ്ങൾക്ക് ആണ് ഉപയോഗിക്കുന്നത്
- ഉൽപ്പന്ന വിശ്വാസ്യതയും പൊതുജന ബന്ധവും ഉണ്ടാക്കുകയാണ് ലക്ഷ്യം

**സാമൂഹ്യ മാധ്യമങ്ങൾ**

- ആശയവിനിമയ രീതിയിൽ വിപ്ലവകരമായ മാറ്റമുണ്ടാക്കി
- ഇ മെയിൽ, ചാറ്റിങ് ബ്ലോഗ് എന്നിവ വഴി ചിന്തകളും വികാരങ്ങളും പങ്കുവെക്കുന്നു

**ഫെയ്സ്ബുക്ക്/ മുഖപുസ്തകം**

- സാമൂഹ്യ മാധ്യമങ്ങളിൽ ഏറ്റവും ജനകീയ മാധ്യമം
- വാർത്തകൾ, സംഭവങ്ങൾ, ഫോട്ടോകൾ എന്നിവ പോസ്റ്റ് ചെയ്യാം
- പൊതു താല്പര്യമുള്ള ഉപയോക്താക്കളുടെ സംഘങ്ങൾ രൂപീകരിച്ച് ആശയങ്ങൾ പങ്കു വയ്ക്കാം
- നമ്മുടെ അനുകൂലവും പ്രതികൂലവുമായ അഭിപ്രായങ്ങൾ പങ്കുവയ്ക്കാം

**ഫേസ്ബുക്ക് സ്ഥാപകൻ-മാർക്ക് സക്കർബർഗ്**

- ജനുവരി 2004 - മാർക്ക് സക്കർബർഗ് ഫേസ്ബുക്ക് ഡോട്ട് കോമിൽ പ്രവർത്തനം ആരംഭിച്ചു
- ഫെബ്രുവരി 4, 2004 - സഹസ്ഥാപകർക്കൊപ്പം സക്കർബർഗ് വെബ് സൈറ്റ് ആരംഭിച്ചു
- ജൂൺ 2004 - സ്റ്റാൻഫോർഡ്, കൊളംബിയ, യേൽ എന്നിവിടങ്ങളിലേക്ക് ഫേസ്ബുക്ക് വികസിച്ചു.

Join Telegram Channel: https://t.me/hsslive Downloaded from www.Hsslive.in ®

- ഒക്ടോബർ 2005 - സക്കർബർഗ് വെബ് വിലാസം facebook.com ലേക്ക് മാറ്റി.
- സെപ്റ്റംബർ 2006 - അംഗത്വം എല്ലാവർക്കും തുറന്നു.
- ഫെബ്രുവരി 2009 - ലൈക്ക് ബട്ടൺ അവതരിപ്പിച്ചു.
- ഓഗസ്റ്റ് 2010 - ടൈം മാഗസിൻ 2010 ലെ പേഴ്സൺ ഓഫ് ദ ഇയർ അവാർഡുകൾ.
- ഫെബ്രുവരി 2014 - മൊബൈൽ ഫോൺ സന്ദേശ സേവനമായ വാട്സ്ആപ്പ് ഫേസ്ബുക്ക് വാങ്ങി.

**ട്വിറ്റർ**

- മൈക്രോബ്ലോഗിങ് സൈറ്റാണ്
- 140 അക്ഷരങ്ങൾ പരമാവധി അയക്കാം
- ആശയങ്ങളും നൈമിഷികമായ അനുഭവങ്ങളും വാക്കുകൾ ആയോ ചിത്രങ്ങൾ ആയോ പങ്കിടുന്നു

**യൂ ട്യൂബ്**

- വീഡിയോകൾ കാണാനും പങ്കുവെക്കാനും സഹായിക്കുന്ന വെബ്സൈറ്റ്
- അഡോബ് ഫ്ലാഷ് വീഡിയോ പ്ലെയർ, HTML 5 എന്നിവയാണ് ഉപയോഗിക്കുന്നത്
- സന്ദർശകർക്ക് യൂട്യൂബിൽ സിനിമകൾ, വീഡിയോ/ ടെലിവിഷൻ ദൃശ്യങ്ങൾ, സംഗീത ആവിഷ്കാരങ്ങൾ, വീഡിയോകൾ, വിദ്യാഭ്യാസ ദൃശ്യങ്ങൾ, യഥാർത്ഥ ദൃശ്യങ്ങൾ, ത്രീഡി ദൃശ്യങ്ങൾ എന്നിവ കാണാനും ഡൗൺലോഡ് ചെയ്യാനും

**വിക്കിപീഡിയ**

- സ്വതന്ത്ര ഇൻറർനെറ്റ് വിജ്ഞാനകോശം
- ലാഭേച്ഛകൂടാതെ പ്രവർത്തിക്കുന്നു
- വിക്കിപീഡിയ ഫൗണ്ടേഷൻ ആണ് നടപ്പിലാക്കുന്നത്

Join Telegram Channel: https://t.me/hsslive Downloaded from www.Hsslive.in ®

- ഇതിൻറെ ഉള്ളടക്കം ലഭിക്കാനും അത് ആവശ്യമെങ്കിൽ തിരുത്തൽ വരുത്താനും ഏതൊരാൾക്കും കഴിയും
- 2001 ജനുവരി 15 ന് ആരംഭിച്ചു
- ജിമ്മി വെയിൽസ്, ലാറി സാഞ്ചർ എന്നിവർ ആയിരുന്നു സ്ഥാപകർ
- 288 ഭാഷകളിൽ ലേഖനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്
- വിദ്യാർഥികൾ, അധ്യാപകർ, പത്രപ്രവർത്തകർ എന്നിവർക്കെല്ലാം റഫറൻസിനായി ഉപയോഗിക്കാം

**ആപ്സ്/ ആപ്പ്ലറ്റ്സ്/**

- വിനോദം, വിവരം, വിജ്ഞാനം എന്നിവയ്ക്ക് സഹായിക്കുന്നു
- ഒരു ഉപകരണത്തി ൻറെ സാധ്യതകളുപയോഗിച്ച് പ്രത്യേക സേവനങ്ങൾ ലഭ്യമാക്കുന്നവയാണ് ആപ്പുകൾ
- മൊബൈൽ പത്രപ്രവർത്തനത്തിൻറെ സ്പന്ദനം
- വിനോദം, വിവരം, വിജ്ഞാനം എന്നിവയ്ക്ക് സഹായിക്കുന്നു

**ഫ്രീ സോഫ്റ്റ്വെയർ മൂവ്മെൻറ്/സ്വതന്ത്ര സോഫ്റ്റ്വെയർ പ്രസ്ഥാനം**

- സ്വതന്ത്ര സോഫ്റ്റ്വെയർ പ്രസ്ഥാനത്തിന് പിന്നിലെ മനുഷ്യൻ-റിച്ചാർഡ് സ്റ്റാൾമാൻ
- ലോകവ്യാപകമായ വിവരസാങ്കേതിക മേഖലയിലെ പ്രവർത്തനമാണിത്
- വികസ്വര രാജ്യങ്ങളും വികസിത രാജ്യങ്ങളും തമ്മിൽ ഡിജിറ്റൽ ആയുള്ള അന്തരം കുറയ്ക്കുന്നു
- ഇന്ത്യയിലെ ആദ്യ കമ്പ്യൂട്ടർ ഗ്രാമം-മലപ്പുറം ജില്ലയിലെ ചമ്രവട്ടം (2003)